പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4873 24.07.2015-ൽ മറുപടിക്ക്

## ദന്തഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദന്തരോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണവും ദന്തരോഗ സംരക്ഷണത്തിന് സർക്കാർ മേഖലയിലുള്ള ചികിത്സയുടെ അപര്യാപ്തതയും കാരണം പൊതുജനങ്ങൾ വർദ്ധിച്ച തോതിൽ സ്വകാര്യമേഖലയെ ആശ്രയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ എത്ര ദന്തഡോക്ടർ തസ്തികകളാണ് നിലവിലുള്ളത്; | (ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ 111 ദന്തൽ സർജന്മാരുടെയും 1 ഡെപ്യൂട്ടി ഡയറക്ടർ (ദന്തൽ) തസ്തികയും നിലവിലുണ്ട്. |
| (സി) ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ദന്തരോഗചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി പുതിയ ദന്തഡോക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചുവോ; പ്രസ്തുത പ്രൊപ്പോസലിന് എപ്പോഴേക്ക് അംഗീകാരം നൽകാൻ കഴിയും; വിശദാംശം നൽകുമോ? | (സി) ദന്തൽ യൂണിറ്റ് ഇല്ലാത്ത 24 താലൂക്ക് ആശുപത്രികളും 24 ദന്തൽ സർജന്റെയും 24 ദന്തൽ ഹൈജീനിസ്റ്റിന്റേയും തസ്തികകൾ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ